**എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡ്**
**ഐരാപുരം ഫാക്ടറി**
**എറണാകുളം**

HLL/IFC/PUR/ Food Supply/2020 25/07/2020

**ദർഘാസ് പരസ്യം**

**വിഷയം : കരാർ വ്യവസ്ഥയിൽ പ്രഭാത ഭക്ഷണം, ചായ , പലഹാരങ്ങൾ, രാത്രി ഭക്ഷണം എത്തിക്കുന്നത് സംബന്ധിച്ച്**

എച്ച് എൽ ലൈഫ് കെയർ, ഐരാപുരം ഫാക്ടറിയിലെ തൊഴിലാളികൾക്ക് ആവശ്യമായ പ്രഭാത ഭക്ഷണം, ചായ, പലഹാരങ്ങൾ, രാത്രി ഭക്ഷണം എത്തിച്ച് കൊടുക്കുന്നതിന് വാർഷിക അടിസ്ഥാനത്തിൽ കരാർ ഏറ്റെടുത്ത് നടത്തുന്നതിനായി മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിക്കുന്നു..

ടെണ്ടർ ഫോം 01/08/2020 തീയതി വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെ ഐരാപുരം ഫാക്ടറിയിലെ പർച്ചേസ് ഡിപ്പാർട്ട്മെന്റ് / എച്ച് ആർ ഡിപാർട്ട്മെന്റിൽ നിന്നും ലഭിക്കുന്നതാണ്. ടെണ്ടർ ഫോം കമ്പനി വെബ്സൈറ്റായ **www.lifecarehll.com** ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ടെണ്ടർ ഡോക്യുമെന്റിന്റെ വിലയായ Rs. 525/ ടെണ്ടർ അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം പ്രത്യേകം കവറിൽ സീൽ ചെയ്ത് ഡോക്യുമെന്റ് കോസ്റ്റ് എന്നെഴുതി Hll Lifecare Ltd ന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. ലഭിച്ച ദർഘാസുകൾ മുഴുവനായോ , ഭാഗികമായോ കാരണമൊന്നും കാണിക്കാതെ നിരസിക്കുന്നതിനുള്ള അധികാരം കമ്പനി മാനേജ്മെന്റിൽ നിക്ഷിപ്തമാണ്. എന്നാൽ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാതെ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.ദർഘാസ് സമർപ്പിക്കുമ്പോൾ നിരതദ്രവ്യമായി അപേക്ഷകൻ Hll Lifecare Ltd ന്റെ പേരിൽ Rs.10,000/ രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.

**പൂരിപ്പിച്ച ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി 03/08/2020 , 2 മണി.**
**ടെണ്ടർ തുറക്കുന്ന തീയതി 03/08/2020, 4 മണി**

**MSME/SSI രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളെയും മൈക്രോ & സ്മോൾ വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെയും ടെൻഡൽ ഫീ യിൽ നിന്നും നിരതദ്രവ്യത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇത് അവരുടെ സാധുത ഉള്ള സർട്ടിഫിക്കറ്റുകളും ഉദ്യോഗ് ആധാറിന്റെ വിവരങ്ങളും . സമർപ്പിക്കുന്നെങ്കിൽ മാത്രം.**

**യൂണിറ്റ് ചീഫ്**

# ദർഘാസ്

**കരാർ വ്യവസ്ഥയിൽ എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡ് ഐരാപുരം ഫാക്ടറിയിൽ പ്രഭാത ഭക്ഷണം , ചായ, പലഹാരങ്ങൾ, രാത്രി ഭക്ഷണം സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച്**

**ദർഘാസ് നമ്പർ :** HLL/IFC/PUR/ Food Supply/2020
dt 25/07/2020

**എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡ്**

**ഐരാപുരം ഫാക്ടറി**

**എറണാകുളം**

# സെക്ഷൻ : 1

## കരാർ നൽകുന്ന വർക്കിനെകുറിച്ചുള്ള വിവരണം:

| | സമയക്രമം |
|---|---|
| കരാർ വ്യവസ്ഥയിൽ എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡ് ഐരാപുരം ഫാക്ടറിയിൽ പ്രഭാത ഭക്ഷണം, ചായ പലഹാരങ്ങൾ, രാത്രി ഭക്ഷണം സപ്ലൈ ചെയ്യുന്നത് | പ്രഭാത ഭക്ഷണം 7 മണി |
| | ചായ , പലഹാരങ്ങൾ രാവിലെ 10.15 നും വൈകുന്നേരം 3.15 നും |
| | രാത്രി ഭക്ഷണം വൈകിട്ട് 7.15 ന് |

1. എച്ച് എൽ എൽ ഐരാപുരം ഫാക്ടറി , എറണാകുളം ജില്ല

2. ഈ കരാറിന്റെ കാലാവധി 1 വർഷമായിരിക്കും. ഇരുകക്ഷികൾക്കും സമ്മത പ്രകാരം കരാറിന്റെ കാലാവധി വീണ്ടും ഒരു വർഷം കൂടി നീട്ടി നൽകുന്നതാണ്.

## സെക്ഷൻ : 2

**അപേക്ഷകർക്കായുള്ള വിവരങ്ങൾ**

1. ടെണ്ടർ ഫോം കമ്പനി വെബ്സൈറ്റായ **www.lifecarehll.com** ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ടെണ്ടർ ഡോക്യുമെന്റിന്റെ വിലയായ Rs. 525/ ടെണ്ടർ അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം പ്രത്യേകം കവറിൽ സീൽ ചെയ്ത് ഡോക്യുമെന്റ് കോസ്റ്റ് എന്നെഴുതി Hll Lifecare Ltd ന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.

2. ടെണ്ടർ ഫോം 01/08/2020 തീയതി വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെ ഐരാപുരം ഫാക്ടറിയിലെ പർച്ചേസ് ഡിപ്പാർട്ട്മെന്റ് / എച്ച് ആർ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് സമർപിക്കുമ്പോൾ നിരതദ്രവ്യമായി അപേക്ഷകൻ Hll Lifecare Ltd ന്റെ പേരിൽ Rs.10,000/ രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.

3. കരാർ എടുക്കേണ്ട സേവനത്തെ കുറിച്ച് പൂർണ്ണരൂപം സ്വയം ബോധ്യപ്പെട്ടതിന് ശേഷം ആയിരിക്കണം ദർഘാസ് സമർപ്പിക്കേണ്ടത്.

4. ദർഘാസുകൾ 03/08/2020 തീയതി 2 മണിയ്ക്ക് മുൻപായി കമ്പനിയിലെ പർച്ചേസ് ഡിപ്പാർട്ട്മെന്റിൽ ലഭിച്ചിരിക്കേണ്ടതാണ്. ഇപ്രകാരം ലഭിച്ച ദർഘാസുകൾ 03/08/ 2020 തീയതി 4 മണിയ്ക്ക് ആ സമയം ഹാജരായിട്ടുള്ള ദർഘാസ് സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ കമ്പനി ഉദ്യോഗസ്ഥർ തുറക്കുന്നതാണ്. 03/08/2020 2 മണിയ്ക്ക് ശേഷം ലഭിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. 20 ാം തീയതി അവധി ദിവസമാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ദർഘാസുകൾ തുറക്കുന്നതാണ്.

**5. ദർഘാസുകൾ സമർപിക്കേണ്ട മേൽ വിലാസം**

**യൂണിറ്റ് ചീഫ്**
**എച്ച് എൽ എൽ ലൈഫ്കെയർ ലിമിറ്**
**ഐരാപുരം ഫാക്ടറി**
**പ്ലോട്ട് നമ്പർ 1 & 2**
**റബ്ബർ പാർക്ക് , വളയൻചിറങ്ങര പി.ഒ**
**എറണാകുളം 683556**
**ഫോൺ : 0484 2597200**

6. ലഭിച്ച ദർഘാസുകൾ മുഴുവനായോ , ഭാഗികമായോ കാരണമൊന്നും കാണിക്കാതെ നിരസിക്കുന്നതിനുള്ള അധികാരം കമ്പനി മാനേജ്മെന്റിൽ നിക്ഷിപ്തമാണ്. എന്നാൽ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാതെ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

7. ദർഘാസിൽ സമർപ്പിക്കുന്ന ഫോമിലെ വിവരങ്ങൾ യഥാസ്ഥാനത്ത് വ്യക്തമായി എഴുതേണ്ടതാണ്. അപേക്ഷകന് ബാധകമല്ലാത്ത കോളങ്ങൾ ബാധകമല്ലായെന്ന് വ്യക്തമായി എഴുതേണ്ടതാണ്. ഫോമിലെ കോളങ്ങളിൽ പൂർണ്ണമായ വിവരങ്ങൾ നൽകാത്തതും, ശരിയായ വിവരങ്ങൾ മറച്ചു വയ്ക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

8. ഈ ടെണ്ടർ നോട്ടീസ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ മാറ്റം വരുത്തുവാനും, ഏതു കാര്യത്തിലും അന്തിമ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഫാക്ടറിയിലെ യൂണിറ്റ് മേലധികാരിയിൽ നിക്ഷിപ്തമാണ്. ഇത് സംബന്ധിച്ച് അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കും.

9. ദർഘാസിനൊപ്പം അപേക്ഷ സമർപ്പിക്കേണ്ട രേഖകൾ :

1. ഡിമാന്റ് ഡ്രാഫ്റ്റ് - ഡോക്യുമെന്റ് കോസ്റ്റ്
2. ഡിമാന്റ് ഡ്രാഫ്റ്റ് - നിരതദ്രവ്യം
3. അപേക്ഷകൻ ഒപ്പുവച്ച ടെണ്ടർ ഡോക്യുമെന്റ് (എല്ലാ പേജിലും)
4. അപേക്ഷകന്റെ മുൻപരിചയം ബോധിപ്പിക്കുന്ന സർട്ടിഫിക്കറ്റ്/ വർക്ക് ഓഡർ എന്നിവയുടെ ശരിപകർപ്പുകൾ
5. അപേക്ഷന്റേയും സ്ഥാപനത്തിന്റേയും വിവരങ്ങൾ

a) അപേക്ഷകന്റെ പേര്
അഡ്രസ്സ്
ടെലിഫോൺ നമ്പർ
ഇമെയിൽ

b) ടെണ്ടർഫോമിലെ മറ്റ് വിവരങ്ങൾ

10. കരാർ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിലോ / ഫാക്ടറി/ മറ്റ് വാണിജ്യ സ്ഥാപനങ്ങളിലോ ഭക്ഷണം പാചകം ചെയ്ത് നൽകുന്നതിൽ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. പ്രസ്തുത കരാർ രേഖകകൾ വർക്ക് ഓഡർ എന്നിവയുടെ ശരി പകർപ്പുകൾ ടെണ്ടറിനൊപം സമർപ്പിക്കേണ്ടതാണ്.

11. അപേക്ഷൻ സമർപ്പിക്കുന്ന മുൻ കരാറുകളിൽ / വർക്ക് ഓഡറിൽ ഒരു കരാറിന് വാർഷിക അടിസ്ഥാനത്തിൽ കുറഞ്ഞത് 3 ലക്ഷം രൂപയുടെ ടേണോവർ ഉണ്ടായിരിക്കേണ്ടതാണ് അഥവാ ഒന്നരലക്ഷം രൂപയുടെ 2 കരാറുകൾ ഒരേ വർഷം വാർഷിക അടിസ്ഥാനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

12. അപേക്ഷകന് ഭക്ഷണം തയ്യാറാക്കുന്നതിന് ശുചിത്വവും അടച്ചുറപ്പുള്ളതുമായ അടുക്കള/ വർക്കേരിയ ഉണ്ടായിരിക്കേണ്ടതാണ്.

13. ദർഘാസ് തീർപ്പാക്കുന്ന വിധം

a) അപേക്ഷകന്റെ മുൻ പരിചയം തെളിയിക്കുന്ന രേഖകകൾ പരിശോധിച്ച് മുൻ പരിചയം ഉറപ്പ് വരുത്തും.

b) അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള രേഖകകൾ പരിശോധിച്ച് വാർഷിക അടിസ്ഥാനത്തിൽ കരാറിന്റെ ടേണോവർ സ്ഥിതീകരിക്കും.

c) അപേക്ഷകന്റെ വർക്കേരിയ കമ്പനി പ്രതിനിധികൾ സന്ദർശിച്ച് ഏരിയ ശുചിത്വമുള്ളതും അടച്ചുറപ്പുള്ളതും, വർക്കേരിയയുടെ ചുറ്റുപാടും ശുചിത്വമുള്ള

താണെന്നും പരിശോധിക്കുന്നതാണ്. മേൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ കമ്പനി പ്രതിനിധികളെ ബോധ്യപ്പെടുത്തുവാൻ അപേക്ഷകന് കഴിയാതെ വന്നാൽ അപേക്ഷ പരിഗണിക്കുന്നതല്ല.

14. ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ദർഘാസുകൾ പരിഗണിക്കാതെ നിരസിക്കുന്നതാണ്.

a) തെറ്റായ വിവരങ്ങൾ നൽകുന്നതും , ശരിയായ വിവരങ്ങൾ മറച്ചുകൊണ്ട് രേഖകകൾ സമർപ്പിക്കുന്നത്.

b) മുൻ കരാറുകളിൽ നല്ല രീതിയിൽ സേവനം നൽകിയിട്ടില്ല എന്ന് ബോധ്യപ്പെട്ടാൽ

c) അപേക്ഷകനോ/ അപേക്ഷകന്റെ സ്ഥാപനമോ / അപേക്ഷകന്റെ സ്ഥാപന പങ്കാളിയോ മുൻ കരാറുകളിൽ വീഴ്ച വരുത്തുകയും , അതിൻ മേൽ നിയമ നടപടി നേരിട്ടിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടാൽ

15. ദർഘാസിലെ വ്യവസ്ഥകളിലോ , ദർഘാസിന്റെ സമയ പരിധിയിലോ ഏത് സമയത്തും മാറ്റം വരുത്തുന്നതിന് എച്ച് എൽ എൽ കമ്പനിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

16. ദർഘാസിൽ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് എല്ലാവിധ ശരിയായ രേഖകകളും വിവരങ്ങളും നൽകുന്ന അപേക്ഷകരിൽ ഏറവും കുറഞ്ഞ തുക qoute ചെയ്യുന്ന അപേക്ഷകന് കരാർ നൽകുന്നതാണ്.

17. കരാറുകാരൻ വർക്കേരിയയിൽ പാലിക്കേണ്ട കാര്യങ്ങൾ

1. കരാറുകാരൻ നിയമിക്കുന്ന ഭക്ഷണം പാചകം ചെയ്യുന്ന വ്യക്തികൾ നിയമാനുസൃതമായ മെഡിക്കൽ പരിശോധന നടത്തുകയും അവയുടെ സർട്ടിഫിക്കറ്റ് കമ്പനി ആവശ്യപ്പെടുന്ന പക്ഷം സമർപ്പിക്കേണ്ടതുമാണ്.

2. പാചകം ചെയ്യുന്ന വ്യക്തികൾ പകർച്ച വ്യാധി ചികിത്സയ്ക്ക് വിധേയമായി കൊണ്ടിരിക്കുന്നവരും , ശരീരത്തിൽ തുറന്ന മുറിവുകൾ ഉള്ളവരും ആകരുത്.

3. ഭക്ഷണം കൈകാര്യം ചെയ്യുന്നവർ ആ സമയത്ത് ഹെയർ ക്യാപ്, മാസ്ക് , കയ്യുറകൾ എന്നിവ ഉപയോഗിക്കേണ്ടതാണ്.

4. ഭക്ഷണം കൈകാര്യം ചെയ്യുന്ന വ്യക്തികൾ വ്യക്തി ശുചിത്വം പാലിക്കേണ്ടതും വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കേണ്ടതുമാണ്.

5. അടുക്കളയും വർക്കേരിയയും ദിനംപ്രതി വൃത്തിയാക്കേണ്ടതാണ്.

6. ഭക്ഷണം പാചകം ചെയ്യുന്ന വർക്കേരിയയിൽ പ്രാണികൾ , എലി, ചിലന്തി എന്നിവ പ്രവേശിക്കുന്നത് ഫലപ്രദമായി തടയാൻ കഴിയുന്നതായിരിക്കണം.

# സെക്ഷൻ : 3

## വ്യവസ്ഥകൾ

1. അപേക്ഷകൻ സമർപ്പിക്കുന്ന ദർഘാസ് പൂർണ്ണരൂപത്തിലും സീൽ ചെയ്ത് സമർപ്പിക്കേണ്ടതാണ്. സീൽ ചെയ്യാതെ ലഭിക്കുന്ന ടെൻഡറുകൾ നിരസിക്കപ്പെടുന്നതാണ്.

2. ഭക്ഷണം നൽകുന്നതിനുള്ള കരാർ ഒരു വർഷത്തേയ്ക്ക് ആകും നൽകുക. ഈ കരാർ ഇരുകക്ഷികൾക്കും സമ്മതമാണെങ്കിൽ തുടർന്നും ഒരു വർഷത്തേയ്ക്കു കൂടി നീട്ടി നൽകും.

3. കരാറുകാരൻ ഭക്ഷണം പാചകം ചെയ്ത് സപ്ലൈ ചെയ്യുന്നതിന് ആവശ്യമായ നിയമപരമായ ലൈസൻസുകൾ ഫുഡ് സേഫ്റ്റി അധികാരികളിൽ നിന്നും അതാത് പഞ്ചായത്തുകളിൽ മറ്റ് ഇതര ഗവൺമെന്റ് ഓഫീസുകളിൽ നിന്നും ഉണ്ടായിരിക്കണം അല്ലാത്ത പക്ഷം പ്രസ്തുത ടെൻഡർ/ കരാർ നിരസിക്കുന്നതും സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ട് കെട്ടുന്നതുമാണ്.

4. ഈ ടെൻഡർ ഡോക്യുമെന്റിന്റെ വ്യവസ്ഥകൾ കരാറിന്റെ ഭാഗമാണ്. കരാർ തീർപ്പാക്കി നൽകുന്ന അപേക്ഷകന് കരാർ ഏറ്റെടുക്കാം എന്ന് രേഖാമൂലം ഉറപ്പ് നൽകി പത്ത് ദിവസത്തിനുള്ളിൽ കരാർ ഒപ്പ് വയ്ക്കുന്നത്.

5. കരാർ നൽകുന്നതിന് മുൻപേയോ കരാർ നൽകിയതിന് ശേഷമോ അപേക്ഷകൻ നൽകിയിരിക്കുന്ന ഏതെങ്കിലും വിവരം തെറ്റായി ബോധ്യപ്പെടുകയാണെങ്കിൽ പ്രസ്തുത കരാർ റദ്ദ് ചെയ്യുന്നതായിരിക്കും. അതിനോടൊപ്പം സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയ തുക കമ്പനി കണ്ട് കെട്ടുന്നതുമായിരിക്കും.

6. അപേക്ഷകൻ സമർപ്പിക്കുന്ന ടെൻഡർ അപേക്ഷയുടെ കാലാവധി 60 ദിവസം ആയിരിക്കും. ഈ കാലാവധിയ്ക്ക് മുൻപ് ടെൻഡർ അപേക്ഷ പിൻവലിയ്ക്കുകയോ ടെൻഡർ വ്യവസ്ഥയിൽ നിന്ന് പിൻമാറുകയോ ചെയ്യുകയാണെങ്കിൽ നിതദ്രവ്യമായി എച്ച് എൽ എൽ ൽ നൽകിയിട്ടുള്ള തുകയിൽ നിന്നും 50% കണ്ട് കെട്ടുന്നതുമായിരിക്കും.

7. ടെൻഡർ അപേക്ഷ സമർപ്പിക്കുന്ന അപേക്ഷകൻ നേരിട്ടോ , പരോക്ഷമായോ സ്വാധീനിക്കുവാൻ ശ്രമിക്കുകയാണ് എന്ന് ബോധ്യപെട്ടാൽ പ്രസ്തുത അപേക്ഷ നിരസിക്കുന്നതായിരിക്കും.

8. കമ്പനി നൽകുന്ന കരാർ കരാറുകാരൻ സബ്കോട്രാക്ട് ചെയ്യാൻ പാടുള്ളതല്ല. സബ്കോട്രാക്ട് ചെയ്യുന്നത് കരാർ വ്യവസ്ഥയുടെ ലംഘനം ആണ് . കരാർ വ്യവസ്ഥയിൽ ലംഘനം ഉണ്ടാവുന്ന പക്ഷം കരാർ റദ്ദ് ചെയ്യുന്നതും നിയമനടപടികൾ സ്വീകരിക്കുന്നതുമാകുന്നു. തുടർന്ന് സെക്യൂരിറ്റി ഡിപ്പോസിറ്റ് കമ്പനി കണ്ട് കെട്ടുന്നതും ഭാവിയിൽ HLL കമ്പനിയുടെ ടെൻഡറുകളിൽ പങ്കെടുക്കുന്നതിൽ നിന്നും തടയുന്നതുമാകുന്നു.

9. കരാർ ഏത് സമയത്ത് വേണമെങ്കിലും റദ് ചെയ്യുന്നതിനുള്ള അധികാരം കമ്പനിയിൽ നിക്ഷിപ്തമാണ്. കരാർ പ്രകാരമുള്ള സേവനം തൃപ്തികരമല്ലെങ്കിലോ, കരാർ വ്യവസ്ഥയുടെ ലംഘനമോ ഉണ്ടാകുകയാണെങ്കിൽ കമ്പനിയിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റ്/ നിരതദ്രവ്യം എന്നിവ കമ്പനി കണ്ട് കെട്ടുന്നതും കരാർ റദ്ദാക്കുന്നതുമായിരിക്കും.

10. അപേക്ഷകൻ കരാർ ലഭിച്ചതിന് ശേഷം കരാർ ഒപ്പിടുന്നതിന് മുൻപായി കരാറുകാരൻ മൊത്തം കരാർ മൂല്യത്തിന്റെ 5% രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി നൽകേണ്ടതാണ്. കരാറുകാരൻ നിമിത്തം കമ്പനിയ്ക്ക് ഏതെങ്കിലും വിധത്തിൽ നാശനഷ്ടങ്ങൾ  ഉണ്ടാവുകയാണ് എങ്കിൽ ആ തുക സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

11. അപേക്ഷകൻ ടെൻഡർ അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയാണ് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനുള്ള അധികാരം കമ്പനിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. ഈ വിവരങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനുള്ള സഹകരണം അപേക്ഷകന്റെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

12. കരാറുകാരൻ ഭക്ഷണം ശുചിയായി കൈകാര്യം ചെയ്യേണ്ട മാർഗ നിർദേശങ്ങളും നിയമപരമായ നിർദേശങ്ങളും പാലിക്കേണ്ടതാണ്.

13. അപേക്ഷകൻ നൽകുന്ന വിലനിലവാരം ടെൻഡർ കാലാവധി കഴിയുന്നത് വരെയും ബാധകമാണ്.

14. പ്രഭാത ഭക്ഷണം, ചായ, പലഹാരങ്ങൾ, രാത്രി ഭക്ഷണം സപ്ലൈ ചെയ്യുന്നതിനുള്ള സമയക്രമവും മെനുവും കമ്പനി തീരുമാനിച്ച് നൽകുന്നതായിരിക്കും.

15. ഭക്ഷണം എത്തിക്കുന്നതിനുള്ള വാഹനവും അതിന്റെ ചിലവും കരാറുകാരൻ വഹിക്കേണ്ടതാണ്.

16. കരാറുകാരൻ ഏർപ്പെടുത്തുന്ന ഭക്ഷണം സപ്ലൈ ചെയ്യുന്ന വാഹനത്തിനും, ഡ്രൈവർക്കും ഉണ്ടാകുന്ന അപകടങ്ങൾക്ക് കമ്പനിയ്ക്ക് യാതൊരുവിധ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

17. കരാർ കാലാവധി കഴിയുന്നതിന് മുൻപ് സേവനം അവസാനിപ്പിക്കുകയാണ് എങ്കിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ട് കെട്ടുന്നതായിരിക്കും.

18.കരാറുകാരൻ ഭക്ഷണം സപ്ലൈ ചെയ്യാൻ നിയമിക്കുന്ന വ്യക്തികളോ വാഹനമോ കമ്പനിയ്ക്ക് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾക്ക് തതുല്യമായ തുക മാസ ബിൽ / സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇവയിൽ നിന്നും ഈടാക്കുന്നതാണ്.

19. പൊതു അവധി ദിവസങ്ങളിലും കമ്പനി നൽകുന്ന സമയക്രമത്തിൽ ഭക്ഷണം സപ്ലൈ ചെയ്യേണ്ടതാണ്.

20. സെക്ഷൻ 1 ൽ പറഞ്ഞിരിക്കുന്ന കരാർ വിവരണത്തിൽ വ്യതിയാനങ്ങൾ വരാവുന്നതാണ്. കമ്പനി നൽകുന്ന നിർദേശങ്ങൾ കരാറിൽ പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

21. ഈ കരാറിനെ സംബന്ധിച്ചുള്ള എല്ലാ പരാതികളും നിയമപരമായ കാര്യങ്ങളും പരിഹരിക്കുന്നത് എറണാകുളം ജില്ലയിലെ കോടതിയിൽ ആയിരിക്കും

**ഭക്ഷണത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച്**

1. ഭക്ഷണം എത്തിയ്ക്കുന്ന വാഹനം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
2. ഭക്ഷണം പൂർണ്ണമായും അടച്ച് മൂടി ആയിരിക്കണം ട്രാൻസ്പോർട്ട് ചെയ്യേണ്ടത്.
3. ഭക്ഷണം പൊതിയാൻ പ്ലാസ്റ്റിക് പേപ്പറുകൾ ഉപയോഗിക്കാൻ പാടില്ല.
4. ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള പലവ്യഞ്ജന വസ്തുക്കൾ ഗുണമേൻമയുള്ളതും മായം കലരാത്തതും ആയിരിക്കണം. അവയുടെ ഗുണമേൻമ പരിശോധിക്കിനുള്ള അധികാരം കമ്പിനിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.
5 കരാർ അനുസരിച്ച് ഭക്ഷണം കരാറുകാരൻ മേൽനോട്ടത്തിൽ പാചകം ചെയ്ത് സപ്ലൈ ചെയ്യേണ്ടതാണ്.
6. സപ്ലൈ ചെയ്യുന്ന ഭക്ഷണത്തിൽ ഗുണമേൻമയും അളവിലും കമ്പനി നൽകിയിട്ടുള്ള സമയ ക്രമത്തിലും വ്യതിയാനം ഉണ്ടാകുന്ന പക്ഷം കരാറുകാരനിൽ നിന്നും ആ ദിവസത്തെ ബിൽ തുക മാസബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണ് അത കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും 10% പിഴ ഈടാക്കുന്നതാണ്.
7 പഴകിയതും കേടായതുമായ പച്ചകറികൾ , പലവ്യഞ്ജനങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല.
8. ഭക്ഷണം പാചകം ചെയ്യുന്നതിന് മുന്നേ പച്ചക്കറി ശുദ്ധമായ വെള്ളത്തിൽ കഴുകി വൃത്തിയാക്കുക.
9. ഭക്ഷണം പാചകം ചെയ്യാൻ ഉപയോഗിക്കുന്ന വെള്ളം ഗുണമേൻമ ഉള്ളതായിരിക്കണം.
10. ഗുണനിലവാരമുള്ള പാത്രങ്ങൾ ആയിരിക്കണം പാചകത്തിന് ഉപയോഗിക്കേണ്ടത്.
11. ഭക്ഷണം പാചകം ചെയ്യുന്നത് മുതൽ അത് വിളമ്പുന്നത് വരെയുള്ള ഭക്ഷണത്തിന്റെ ഗുണമേൻമ ഉറപ്പു വരുത്തുന്നതിൽ കരാറുകാരന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.
12 കൃത്രിമമായ നിറങ്ങൾ / ആരോഗ്യത്തിന് ഹാനികരമായ മറ്റ് വസ്തുക്കൾ ഭക്ഷണത്തിൽ ചേർക്കുവാൻ പാടില്ല.

# അപേക്ഷകനെ / സ്ഥാപനത്തെകുറിച്ചുളള വിവരങ്ങൾ

## ഫോം : 1

1. അപേക്ഷന്റെ/ സ്ഥാപനത്തിന്റെ പേര് :

   മേൽവിലാസം

2. ടെലിഫോൺ നമ്പർ :
3. സ്ഥാപനത്തെ ഉമടമസ്ഥത സംബന്ധിച്ച് :

   വ്യക്തി / പ്രോപ്രൈറ്ററി :

   പാർട്ണർഷിപ്പ് :

   ലിമിറ്റഡ് കമ്പനി / കോർപ്പറേഷൻ :
4. സ്ഥാപനത്തിന്റെ ലൈസൻസ് വിവരങ്ങൾ : 1. ഫുഡ്സേഫ്റ്റി അതോറിറ്റി

   2. പഞ്ചായത്ത് ലൈസൻസ്

5. മുൻ കരാറുകളിൽ നിന്നും നിയമനടപടി

   നേരിട്ടിട്ടുണ്ടോ ? :

   ഉണ്ടെങ്കിൽ അതിന്റെ വിവരം :

6. മറ്റേതെങ്കിലും പ്രധാനപ്പെട്ട വിവരങ്ങൾ

   നൽകുവാനുണ്ടെങ്കിൽ

തീയതി: അപേക്ഷകന്റെ ഒപ്പ് :

# അപേക്ഷകന്റെ മുൻ കരാറിനെക്കുറിച്ചുള്ള വിവരങ്ങൾ

## ഫോറം : 2

| വർഷം | കരാർ നൽകിയ സ്ഥാപനത്തിന്റെ പേര് | കരാറിന്റെ വാർഷിക മൂല്യം |
| --- | --- | --- |
| | | |
| | | |
| | | |
| | | |
| | | |

തീയതി: 　　　　　　　　　　　　അപേക്ഷകന്റെ ഒപ്പ് :

# പ്രൈസ് ബിഡ്

## ഫോം : 3

ചുവടെ ചേർക്കുന്ന ഫോമിൽ അതാത് കോളങ്ങളിൽ ഒരാൾക്ക് (ഒരുനേരം) വരുന്ന വില എഴുതേണ്ടതാണ്.

| | വില ഒരാൾക്ക് |
|---|---|
| പ്രഭാത/രാത്രി ഭക്ഷണം | |
| ചായ | |
| പലഹാരം | |
| | ആകെ |

**ചുവടെ ചേർക്കുന്ന വിഭവങ്ങൾ ആണ് സപ്ലൈ ചെയ്യേണ്ടത്.**

| | | | |
|---|---|---|---|
| 1. ദോശ | : | 50 ഗ്രാം | 4 എണ്ണം |
| 2. ഇഡലി | : | 50 ഗ്രാം | 4 എണ്ണം |
| 3. അപ്പം | : | 50 ഗ്രാം | 4 എണ്ണം |
| 4. ഇടിയപ്പം | : | 50 ഗ്രാം | 4 എണ്ണം |
| 5. ഗോതമ്പ് പൊറോട്ട | : | 60 ഗ്രാം | 4 എണ്ണം |
| 6. ചപ്പാത്തി | : | 50 ഗ്രാം | 4 എണ്ണം |
| 7. ഉപ്പുമാവ് | : | 200 ഗ്രാം | 1 പ്ലേറ്റ് |
| 8. പുട്ട് | : | | 1 കുറ്റി |
| 9. പയർ | : | | 1 തവി |
| 10. പപ്പടം | : | | 1 എണ്ണം |

| | | | |
|---|---|---|---|
| 11. പൂരി മസാല | : | 50 ഗ്രാം | 4 പൂരി |
| 12 കടലക്കറി | : | | 1 പ്ലേറ്റ് |
| 13. കിഴങ്ങ് കറി | : | | 1 പ്ലേറ്റ് |
| 14. ഗ്രീൻപീസ് കറി | : | | 1 പ്ലേറ്റ് |
| 15 ടൊമാറ്റോ ഫ്രൈ | : | | 1 പ്ലേറ്റ് |
| 16. മുട്ട കറി | : | | 1 പ്ലേറ്റ് |
| 17 ഓംലൈറ്റ് | : | | സിംഗിൾ |
| 18. ഉഴുന്നു വട | : | 30 ഗ്രാം | 1 എണ്ണം |
| 19. പരിപ്പുവട | : | 30 ഗ്രാം | 1 എണ്ണം |
| 20. ഉള്ളിവട | : | 30 ഗ്രാം | 1 എണ്ണം |
| 21. സുഖിയൻ | : | 30 ഗ്രാം | 1 എണ്ണം |
| 22. ബോണ്ട | : | 30 ഗ്രാം | 1 എണ്ണം |
| 23. പഴംപൊരി | : | 30 ഗ്രാം | 1 എണ്ണം |
| 24. നെയ്യപ്പം | : | 30 ഗ്രാം | 1 എണ്ണം |
| 25. കോഴുകട്ട | : | 50 ഗ്രാം | 1 എണ്ണം |
| 26. ഇലയട | : | 50 ഗ്രാം | 1 എണ്ണം |
| 27. വട്ടേപ്പം | : | 50 ഗ്രാം | 1 എണ്ണം |

ഇഡ്ലി, ദോശ എന്നിയോടൊപ്പം നൽകുന്ന സാമ്പാർ , ചമ്മന്തി എന്നിവയ്ക്ക് വില ഈടാക്കാൻ പാടില്ല.

തീയതി: അപേക്ഷകന്റെ ഒപ്പ് :

NB : ഓരോ ആഴ്ചയിലേയും മെനു കമ്പനിയിൽ കാണിച്ച് മുൻകൂട്ടി അനുവാദം വാങ്ങിക്കേണ്ടതാണ്.